നം.സി1/2544/റ്റി.സി/2011.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം.
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
തീയതി: 11.02.2011.

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും.
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്- മണൽ, ചെമ്മണ്ണ്, മെറ്റൽ എന്നിവ കൊണ്ട് പോകുന്ന വാഹനങ്ങൾ പരിശോധിക്കുന്നത് സംബന്ധിച്ച്.

സൂചന:- 28/01/2011 തീയതിയിലെ സർക്കാർ ഉത്തരവ് നം.സ.ഉ.(സാ) 297/2011/ആഭ്യന്തരം.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മണൽ, ചെമ്മണ്ണ്, മെറ്റൽ എന്നിവ കൊണ്ടുപോകുന്ന വാഹനങ്ങൾ വഴിയിൽ തടയുന്നതിനെ സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ഇത്തരം വാഹനങ്ങൾ അവയുടെ ലോഡിംഗ് സ്ഥലത്തുതന്നെ കർശന പരിശോധന നടത്തേണ്ടതാണെന്നും, വഴിയിൽ തടയാൻ പാടുള്ളതല്ല എന്നും സൂചനപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ മേൽ സാധനങ്ങൾ കയറ്റികൊണ്ട് പോകുന്നത് കൊണ്ടു മാത്രം അത്തരം വാഹനങ്ങളെ പിടികൂടി നടപടി എടുക്കരുത്. മേൽ നിർമ്മാണ സാധനങ്ങൾ കയറ്റി എന്നതുകൊണ്ട് മാത്രം അവ ലോഡ് ചെയ്യുന്ന സ്ഥലത്തല്ലാതെ മറ്റു വഴികളിൽ പിടികൂടി പരിശോധന വേണ്ട എന്നതാണ് നിർദ്ദേശിക്കുന്നത്. പ്രസ്തുത വാഹനങ്ങളുടെ ഓവർ സ്പീഡിംഗ്, അപകടകരമായ ഡ്രൈവിംഗ്, മദ്യപിച്ചുള്ള ഡ്രൈവിംഗ് തുടങ്ങി റോഡു ദുരന്തങ്ങളുണ്ടാക്കാവുന്നതും, ഗതാഗതത്തിന് ഭീഷണി ഉയർത്തുന്നതുമായ എല്ലാ കുറ്റകൃത്യങ്ങൾക്കും എതിരായി നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കൂടി നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
സീനിയർ ഡി.റ്റി.സി ( ടാക്സേഷൻ )
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്